പതിമൂന്നാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 24 — 27-06-2011-ന് മറുപടി നൽകേണ്ടത്

**'ജീവനക്കാരെ മോണിറ്റർ ചെയ്യാൻ നടപടി'**

ചോദ്യം — ശ്രീ. എം. ഹംസ

ഉത്തരം — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ). സർക്കാർ ജീവനക്കാരുടെ ഹാജർ, ജോലി ചെയ്ത സമയം, തീർപ്പു കല്പിക്കുന്ന ഫയലുകൾ എന്നിവ ഓരോ ദിവസവും എത്ര എന്ന് മോണിറ്റർ ചെയ്യുവാൻ ആധുനിക സംവിധാനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;<br>ബി). പ്രസ്തുത സംവിധാനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) യും (ബി) യും<br>ജീവനക്കാരുടെ ഹാജർ, ജോലിസമയം എന്നിവ മോണിറ്റർ ചെയ്യുന്നതിനായി സെക്രട്ടേറിയറ്റിൽ ബയോമെട്രിക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ദിവസവും തീർപ്പുകല്പിക്കുന്ന ഫയലുകളുടെ എണ്ണം മോണിറ്റർ ചെയ്യുന്ന തരത്തിലുള്ള ആധുനിക സംവിധാനങ്ങളൊന്നുംതന്നെ ഇതേവരെ ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ചട്ടങ്ങളനുസരിച്ചാണ് ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നത്. |
| സി). ഇപ്പോൾ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ സംവിധാനത്തിന് എന്തെങ്കിലും പോരായ്മയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി).ഇല്ല. |
| ഡി). വകുപ്പുമന്ത്രിമാരും മേധാവികളും അവരുടെ ചുമതലയുള്ള ഓഫീസുകളിൽ മിന്നൽ പരിശോധന നടത്താറുണ്ടോ; എങ്കിൽ അതിന്റെ ഫലം വ്യക്തമാക്കുമോ ? | (ഡി).ഉണ്ട്. ബന്ധപ്പെട്ട ഓഫീസുകളുടെ സുഗമമായ നടത്തിപ്പിന് ഉതകുന്ന തരത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. |

സെക്ഷൻ ഓഫീസർ